LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 30-12-2009-ലെ ഗസറ്റിൽ കാറ്റഗറി നമ്പർ 470/09 പ്രകാരമാണ് ബ്ലാക്ക്സ്മിത്ത് തസ്തികയിലേക്ക് അവസാനമായി പി.എസ്.സി. വിജ്ഞാപനം നടത്തിയിട്ടുള്ളത്. വിജ്ഞാപനത്തിൽ 350 ഒഴിവുകളാണ് രേഖപ്പെടുത്തിയിരുന്നത്. ബ്ലാക്ക്സ്മിത്ത് തസ്തികയിൽ നിലവിൽ 405 ഒഴിവുകളാണുള്ളത്.

(ബി&സി) 23-10-2014-ൽ കെ.പി.എസ്.സി. പ്രസിദ്ധികരിച്ച റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 396 ഒഴിവുകളാണ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന ശിപാർശ 22-7-2015-ൽ കെ.പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്. നിയമന ശിപാർശ അയക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നു. ശേഷിച്ച 9 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാഹന രജിസ്ട്രേഷനിലെ ക്രമക്കേടുകൾമൂലമുള്ള നഷ്ടം

213(5802) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വാഹന രജിസ്ട്രേഷൻ ഫീസുകളും നടപടിക്രമങ്ങളും അന്യ സംസ്ഥാനങ്ങളിലെ രജിസ്ട്രേഷൻ ഫീസ്, നടപടിക്രമങ്ങൾ എന്നിവയേക്കാൾ കൂടുതലും സങ്കീർണ്ണവുമായതിനാൽ അന്യസംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ കരസ്ഥമാക്കി സംസ്ഥാനത്ത് വാഹനമോടുന്നതും ശേഷം സംസ്ഥാനത്ത് രജിസ്ട്രേഷൻ മാറ്റപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും അന്യ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നടത്തി സംസ്ഥാനത്ത് ഓടുന്ന വാഹനങ്ങൾ/ രജിസ്ട്രേഷൻ സംസ്ഥാനത്ത് ട്രാൻസ്ഫർ ചെയ്യപ്പെട്ട വാഹനങ്ങൾ എത്രയെന്നും ഇതുമൂലം സംസ്ഥാനത്തിന് ഈ ഇനത്തിൽ എത്ര രൂപ നഷ്ടം ഉണ്ടായി എന്നും വ്യക്തമാക്കുമോ ;

(സി) ഓപ്പറേഷൻ കുബേരയിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ, പന്ത്രണ്ടോസ് കോലക്കേസ് പ്രതി നിസ്സാം ഉൾപ്പെടെ മറ്റ് ക്രിമനിലുകൾ തുടങ്ങിയവർ ഇത്തരത്തിലുള്ള, എത്ര വാഹനങ്ങൾ ഉപയോഗിച്ചു എന്നും 2011 മുതൽ 2015 വരെ ഓരോവർഷവും വകുപ്പിന്റെ അന്വേഷണത്തിലും മറ്റ് പരാതികളുടെ അടിസ്ഥാനത്തിലും കണ്ടെത്തിയ ഇത്തരത്തിലുള്ള വാഹനങ്ങൾ എത്ര എന്നും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തിന് പ്രസ്തുത തരത്തിൽ ഉണ്ടായ നഷ്ടം പരിഹരിക്കാൻ എന്തുനടപടി നാളിതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. വാഹനത്തിന്റെ രജിസ്ട്രേഷൻ ഫീസ് നിർണ്ണയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. ആയതുകൊണ്ട് തന്നെ ഇത് എല്ലാ സംസ്ഥാനങ്ങളിലും ഒരു പോലെ ആയിരിക്കും. എന്നാൽ മോട്ടോർ വാഹന നികുതിയുടെ കാര്യത്തിൽ സംസ്ഥാനങ്ങളിലെ നിരക്കുകൾ തമ്മിൽ വ്യത്യാസമുണ്ട്. അന്യ സംസ്ഥാനങ്ങളും പുതുച്ചേരി പോലുള്ള കേന്ദ്ര ഭരണ പ്രദേശങ്ങളും രജിസ്ട്രേഷനായി ഹാജരാക്കുന്ന മേൽവിലാസത്തിന്റെ പകർപ്പിന്റെ സാധുത പരിഗണിക്കാതെയാണ് പലപ്പോഴും രജിസ്ട്രേഷൻ നൽകുന്നത്. അന്യ സംസ്ഥാനങ്ങളിൽ രജിസ്ട്രേഷൻ നേടി കേരളത്തിലോടുന്ന വാഹനങ്ങൾ കണ്ടെത്തി അവയുടെ രജിസ്ട്രേഷൻ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തപ്പെടുന്ന വാഹനങ്ങൾക്ക് കേരള രജിസ്ട്രേഷൻ നൽകുന്ന സമയത്ത് കേരളത്തിൽ പ്രാബല്യത്തിലുള്ള നിരക്കുകൾ പ്രകാരം അവരിൽനിന്നും നികുതി ഈടാക്കുന്നുണ്ട്.

(ബി) കണക്കാക്കിയിട്ടില്ല.

(സി) ഓപ്പറേഷൻ കുബേരയിൽ അറസ്റ്റ് ചെയ്യപ്പെട്ടവർ ഇത്തരത്തിലുള്ള വാഹനങ്ങൾ ഉപയോഗിച്ചതായി കണ്ടെത്തിയിട്ടില്ല. എന്നാൽ ചന്ദ്രബോസ് കൊലക്കേസ് പ്രതി നിസ്സാം ഉൾപ്പെടെ മറ്റു ക്രിമിനലുകൾ ഇത്തരത്തിലുള്ള 6 വാഹനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. 2011 മുതൽ 2015 വരെ ഓരോവർഷവും വകുപ്പിന്റെ അന്വേഷണത്തിലും മറ്റു പരാതികളുടെ അടിസ്ഥാനത്തിലും കണ്ടെത്തിയ ഇത്തരത്തിലുള്ള വാഹനങ്ങളുടെ വിശദ വിവരം ചേർക്കുന്നു :

2011	2012	2013	2014	2015 (upto 15-7-2015)
...	...	...	1	6

(ഡി) അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിലോടുന്ന വാഹനങ്ങൾ പരിശോധിക്കുവാൻ 17-9-2014 ലെ സർക്കുലർ 13/14 വഴി ബന്ധപ്പെട്ടവർക്ക് ഗതാഗത കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. വാഹനം അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നതിനായി വാഹന ഉടമസ്ഥൻ ഉപയോഗിച്ച മേൽവിലാസം ഉള്ളടക്കം ചെയ്ത രേഖകളുടെ കൂടി പകർപ്പ് ഹാജരാക്കുവാൻ ഉടമസ്ഥന് നിർദ്ദേശം നൽകുവാൻ മേൽ സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. വ്യാജരേഖ ചമച്ചുകൊണ്ട് പൊതു ജനാവിന് നഷ്ടം ഉണ്ടാക്കുന്ന തരത്തിൽ വാഹനം അന്യ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതായി അധികാരികൾക്ക് ബോധ്യപ്പെടുന്ന പക്ഷം വാഹനം എത്രയും പെട്ടെന്ന് പിടിച്ചെടുക്കുന്നതിനും 1976-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ നിയമത്തിലെ 11-ാം വകുപ്പ് പ്രകാരം ഉടമസ്ഥനിൽനിന്നും നികുതി ഈടാക്കുകയും മറ്റ് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ അന്യ രാജ്യങ്ങളിൽനിന്നും സംസ്ഥാനങ്ങളിൽനിന്നും കേരളത്തിൽ ചുരുങ്ങിയ കാലത്തേക്ക് വരുന്ന വാഹനങ്ങളിൽനിന്നും ഒരു വർഷം വരെയുള്ള കാലയളവിലേക്ക് ഈടാക്കാനുള്ള പുതിയ നികുതി നിർദ്ദേശങ്ങൾ 2015-ലെ ധനകാര്യ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.